*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം മാർച്ച്, 2004**

**2004 ഫെബ്രുവരി 27–ലെയും മാർച്ച് 1–ലെയും സംഭവങ്ങൾ**

## സായി വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 29A

*2004 ഫെബ്രുവരി 27-നും 2004 മാർച്ച് 6-നും സായി കുൽവന്ത് ഹാളിൽ സ്വാമിയുടെ മുമ്പാകെ വിദ്യാർത്ഥികൾ അഭിനയിച്ച പ്രോഗ്രാമിനെക്കുറിച്ചുള്ള വിവരണം തുടരുന്നു:*

ഓം.... ഓം.... ഓം....
*സായിരാം*

*ഭഗവാന്റെ ചരണകമലങ്ങളിൽ പ്രണാമങ്ങളോടെ,*

പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ!

## സ്വർഗത്തിലെ സ്വാമിയുടെ അദ്ധ്യാപകർ പർത്തി സന്ദർശിക്കുന്നു

ശ്രീ സത്യസായി പ്രൈമറി സ്കൂളിലെ കുട്ടികൾ ഒരു പ്രോഗ്രാം സംഘടിപ്പിക്കുകയുണ്ടായി, അതിൽ ഭഗവാൻ ശ്രീ സത്യസായി ബാബയുടെ എല്ലാ അദ്ധ്യാപകരും-ഇപ്പോൾ അവർ വസിക്കുന്ന സ്വർഗത്തുനിന്ന് ഭൂമിയിലേക്ക് ഇറങ്ങിവരുന്നു. അവരെല്ലാവരും ഒരു സ്ഥലത്ത് ഒത്തുകൂടി, ഓരോരുത്തരും ബാബയുമൊത്തുള്ള അവനവന്റെ അനുഭവം പങ്കിടുന്നു. ഒരിക്കൽ, ബാബ അവരുടെ വിദ്യാർത്ഥിയായിരുന്നു.

## പ്രശസ്തരായ അദ്ധ്യാപകർ

ഇക്കൊല്ലങ്ങളത്രയും, അവർ സ്വർഗത്തിലായിരുന്നു, അവർക്ക് അവിടം വളരെ വിരസമായിരുന്നുവെന്ന് പറയുന്നു. അവർ തിരികെയെത്തിയിട്ട് അവരുടെ പ്രിയങ്കരനായ വിദ്യാർത്ഥിയായ സത്യസായി ബാബയുമൊത്ത് സമയം ചെലവിടുന്നതിന് ആഗ്രഹിക്കുന്നു. അവർ, പോയ കാലത്തെ തങ്ങളുടെ സ്മരണകളിൽ, അവരുടെ അഭിപ്രായങ്ങൾ കൈമാറുന്നതിന്, അവിടുത്തെ ബാല്യകാലദിനങ്ങളിൽ അവിടുന്നുമൊത്തുള്ള തങ്ങളുടെ അനുഭവങ്ങൾ ഓർത്തുകൊണ്ട്, അവിടുന്ന് പഠിച്ച മൂന്ന് സ്ഥലങ്ങളെപ്പറ്റി -ബുക്കപ്പട്ടണം, കമലാപുരം, ഉറവക്കൊണ്ട-പറഞ്ഞുകൊണ്ട്.

നിങ്ങൾക്കറിയാവുന്നതുമാതിരി, ആ പ്രഗത്ഭരായ അദ്ധ്യാപകർ മെഹബൂബ് ഖാൻ, സുബ്ബണ്ണാചാരി, തമ്മിരാജു, മഞ്ചിരാജു, കൊണ്ടപ്പ ഇവരായിരുന്നു. സ്വാമി ഈ പേരുകൾ ആവർത്തിച്ച് പറയുന്നതുകൊണ്ട്, സായീഭക്തർക്ക് ഇവർ വളരെ വളരെ സുപരിചിതരാണ്. തുടക്കം തൊട്ടേ, അവിടുത്തെ ദിവ്യത്വം ഇവർക്ക് ബോധ്യമായിരുന്നു. മറ്റുള്ളവർ തിരിച്ചറിഞ്ഞിരുന്നില്ല എങ്കിലും, ബാബ ഭഗവാൻ തന്നെയാണെന്ന് ഇവർക്ക് നന്നായി അറിവുണ്ടായിരുന്നു. ഇക്കാരണം കൊണ്ട്, ഈ മഹത്തായ നാമങ്ങൾ ഒരുപാട് തവണ നാം സ്വാമിയിൽനിന്ന് കേൾക്കുകയുണ്ടായി.

## സ്വാമിയുമൊത്തുള്ള അദ്ധ്യാപകരുടെ അനുഭവങ്ങൾ

ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ, ഓരോ അദ്ധ്യാപകനും തന്റേതായ അനുഭവം ഉണ്ടായിരുന്നു. ഇന്നലെ, മെഹബൂബ് ഖാനിന്റെ അനുഭവം ഞാൻ നിങ്ങളോട് പറയുകയുണ്ടായി. അദ്ധ്യാപകൻ എണീൽക്കാനാവാതെ ഒട്ടിപ്പോയ കസേരയിൽനിന്ന് മോചിതനാവണമെങ്കിൽ ബാബയെ ഇരുത്തണമെന്ന് മെഹബൂബ് ഖാനായിരുന്നു തന്റെ സഹപ്രവർത്തകനോട് ആവശ്യപ്പെട്ടത്. ഒരു ശിക്ഷ എന്ന നിലയ്ക്ക്, ബാബയോട് ഒരു ബഞ്ചിൽ കയറി നിൽക്കുന്നതിന് അദ്ധ്യാപകൻ ആവശ്യപ്പെട്ടിരുന്നു. സ്വാമി അവിടെ നിൽക്കുമ്പോൾ, ഇദ്ദേഹത്തിന് തന്റെ കസേരയിൽനിന്ന് എണീൽക്കാനായിരുന്നില്ല. മെഹബൂബ് ഖാൻ തന്റെ സഹപ്രവർത്തകനോട് പറഞ്ഞു, “അവനോട് ഇരിക്കാനായി പറയൂ, അപ്പോൾ താങ്കൾ കസേരയിൽനിന്ന് മോചിതനാവും.”



സത്യൻ ഗോക്കളുമൊത്ത്: 1947

അന്നേരം മറ്റൊരു അദ്ധ്യാപകൻ, സുബ്ബണ്ണാചാരി, സുഹൃത്തുക്കളുമായി തന്റെ അനുഭവം പങ്കു വച്ചു. “എനിക്കെങ്ങനെ സത്യനെ മറക്കാനാവും? അവനെങ്ങനെയാണ് ഞങ്ങളുടെ കുടുംബങ്ങളെ സ്വാധീനിച്ചിരുന്നത്! അവന്റെ വലയത്തിലുള്ള ഞങ്ങളുടെ അനുഭവങ്ങൾ അസംഖ്യമാണ്. അവനെ മറക്കുക അസാധ്യമാണ്.”

സുബ്ബണ്ണാചാരി പറഞ്ഞു, “ഒരു ദിവസം ഞാൻ സായി ബാബയെ ചൂരൽ കൊണ്ട് അടിക്കണമെന്ന് കരുതി, അതുകൊണ്ട് അവനോട് കൈവെള്ള കാട്ടാൻ ആവശ്യപ്പെട്ടു. അവന്റെ കൈവെള്ളയിൽ ഞാൻ എന്താണ് കണ്ടതെന്നോ? ഷിർദി സായി ബാബയുടെ ചിത്രം. പിന്നീട് എനിക്കവനെ അടിക്കാൻ പറ്റിയില്ല. സായി ബാബയുടെ തനതു ദിവ്യത ഞാൻ അനുഭവിച്ചിട്ടുണ്ട്.”

അടുത്തത് സത്യസായി ബാബയുടെ മറ്റൊരു അധ്യാപകനായിരുന്ന തമ്മിരാജുവിന്റെ ഊഴമായിരുന്നു. അദ്ദേഹം തന്റെ അനുഭവം പങ്കുവച്ചു.

തമ്മിരാജു പറഞ്ഞു, “ഞങ്ങളുടെ ആ പഴയ ദിനങ്ങൾ എനിക്ക് എങ്ങനെ മറക്കാനാവും? എന്റെ മകൻ ഇരുപതിനായിരം രൂപാ വീട്ടിൽ കൊണ്ടുവന്നു. ഞങ്ങൾ ഗ്രാമത്തിലെ ഒരു കൊച്ചു വീട്ടിലാണ് താമസം. പൈസ മോഷണം പോകാതെ നോക്കുകയെന്നത് ഒരു പ്രശ്നമായിരുന്നു.”



തമ്മിരാജുവും ഭാര്യയും

എന്നിട്ട് തമ്മിരാജു പറഞ്ഞു, “എന്നെ വിശ്വസിക്കൂ, രാത്രി മുഴുവനും, ബാബ ഒരു കാവൽക്കാരനായി; അങ്ങനെ പണം സുരക്ഷിതമായി ഞങ്ങളുടെയൊപ്പം ഇരുന്നു. ബാബ ഞങ്ങളുടെ കുടുംബത്തിന്റെ ഓരോ കാര്യവും നിറവേറ്റി, അവിടുന്ന് ഞങ്ങളുടെ കഷ്ടപ്പാടൊക്കെ നീക്കി. അതുകൊണ്ട്, ഞാൻ അവനെ വീണ്ടും കാണാനാഗ്രഹിക്കുകയാണ്, അതുകൊണ്ടാണ് ഞാൻ സ്വർഗത്തുനിന്ന് ഭൂമിയിലേക്ക് ഇറങ്ങിവന്നത്.”

## ദിവ്യസങ്കൽപം സഹപാഠിയെ ദുശ്ശീലത്തിൽനിന്ന് മോചിപ്പിക്കുന്നു

അപ്പോൾ അദ്ധ്യാപകനായ മെഹബൂബ് ഖാൻ സ്വർഗത്തുനിന്നും വന്ന മൊയിനുദ്ദീൻ എന്ന ഒരു മനുഷ്യനെ പരിചയപ്പെടുത്തുന്നു. മൊയിനുദ്ദീൻ, ശ്രീ സത്യസായി ബാബയുടെ സഹപാഠിയായിരുന്നു. അദ്ദേഹവും ഏറെനാൾ മുമ്പ് കാലം ചെയ്തതാണ്.

ബാബയുടെ അധ്യാപകർ ഭൂമിയിലേക്ക് ഒരു അവധിക്കാലയാത്ര പോന്നപ്പോൾ, അദ്ദേഹവും അവർക്കൊപ്പം ചേരാൻ ആഗ്രഹിച്ചു.

ഇപ്പോൾ മെഹബൂബ് ഖാൻ മൊയിനുദ്ദീനോട് ചോദിക്കുന്നു, ''ബാബയുമൊത്തുള്ള താങ്കളുടെ അനുഭവങ്ങൾ ഞങ്ങളുമായി പങ്കു വയ്ക്കുമോ? ഇന്ന് ഇവിടെത്താനായി താങ്കളെ പ്രേരിപ്പിച്ചത് എന്താണ്? സ്വർഗത്തിൽ താങ്കൾക്ക് സുഖമാണെന്നാണ് ഞങ്ങൾ കരുതിയത്! താങ്കൾ എന്തിനാണ് താഴേക്കിറങ്ങി വന്നത്?''

അദ്ദേഹം പറഞ്ഞു, ''അല്ല! അല്ല! അല്ല! സത്യനില്ലാതെ, സ്വർഗം വിരസമാണ്. ഞാനും, അവിടുന്നിനെ ഒരിക്കൽക്കൂടി കാണുന്നതിനായി ഇറങ്ങി വന്നതാണ്.''

അപ്പോൾ തമ്മിരാജുവും മെഹബൂബ് ഖാനും, മറ്റ് അദ്ധ്യാപകർക്കൊപ്പം മൊയിനുദ്ദീനോട് ചോദിക്കുന്നു, ''താങ്കൾ ബാബയാൽ സ്വാധീനിക്കപ്പെട്ടത് എങ്ങനെയെന്ന് ഞങ്ങളോട് പറയുമോ?''

മൊയിനുദ്ദീൻ സംസാരിക്കാൻ തുടങ്ങി, ''നിർഭാഗ്യവശാൽ, ഞാൻ ലഹരിയുടെ, മാഫിയയുടെ അടിമയായി. ഞാൻ മോർഫിൻ ഇഞ്ചക്ഷന്റെ അടിമയായിപ്പോയി. ഈ മോർഫിൻ ഇഞ്ചക്ഷൻ കൂടാതെ, എനിക്ക് ജോലി ചെയ്യാനാവുമായിരുന്നില്ല. ഞാൻ ആ ദുശ്ശീലത്തിന് അടിമയായിരുന്നു.''


shutterstock.com • 393325948

ആരോ തിരക്കി, ''നിനക്ക് ഈ ദുശ്ശീലം ഉപേക്ഷിക്കാനായില്ലേ?''

അദ്ദേഹം പറഞ്ഞു, ''എനിക്ക് ആഗ്രഹമുണ്ടായിരുന്നു, എന്നാൽ കഴിയുമായിരുന്നില്ല. ആ മോർഫിൻ ഇഞ്ചക്ഷൻ കൂടാതെ, എനിക്ക് ഊർജസ്വലനാവാൻ പറ്റുമായിരുന്നില്ല. എനിക്ക് എന്റെ കടമകൾ നിറവേറ്റാനാവുമായിരുന്നില്ല.''

അപ്പോൾ മറ്റാരോ പറഞ്ഞു, ''ശരി, സത്യസായി ബാബ എന്നൊരാളുണ്ട്. അദ്ദേഹത്തിന് നിന്നെ സുഖപ്പെടുത്താനാവും.''

അതുകൊണ്ട് മൊയിനുദ്ദീൻ സത്യസായി ബാബയുടെ അടുത്ത് ചെന്നു. അവൻ തന്റെ പഴയ സഹപാഠിയെ തിരിച്ചറിഞ്ഞു.

''ഓ, സത്യൻ, നമ്മൾ സഹപാഠികളായിരുന്നുവെന്ന് നീ ഓർമ്മിക്കുന്നുണ്ടോ? നീ ഈശ്വരനാണെന്നും നിനക്ക് ഏതസുഖവും ഭേദമാക്കാനാവുമെന്നും ആളുകൾ പറയുന്നു. നിനക്കെന്നെ ഈ മോർഫിൻ ഇഞ്ചക്ഷൻ എടുക്കുന്ന ദുശ്ശീലത്തിൽനിന്ന് മോചിപ്പിക്കാമോ? ഞാനൊരു മോർഫിൻ അടിമയാണ്.''

ബാബ പറഞ്ഞു, "പേടിക്കണ്ടാ, ഞാൻ നിന്നെ സഹായിക്കാം. ഇന്നു മുതൽ മോർഫിൻ എടുക്കുന്നത് നിർത്തുക."

താൻ ഇനിയും മോർഫിൻ ഇഞ്ചക്ഷൻ എടുക്കില്ലെന്ന് അവൻ ബാബയ്ക്ക് വാക്കു കൊടുത്തു.

ഒരു ദിവസം കഴിഞ്ഞു. രണ്ടാമത്തെ ദിവസം അവന് വേദന തോന്നി. ആ ദിവസം അവന് മറ്റൊരു മോർഫിൻ ഇഞ്ചക്ഷൻ എടുക്കണമെന്ന ആഗ്രഹമുണ്ടായി.

ആ സമയം, അവന്റെ സുഹൃത്തുക്കളിലൊരാൾ വന്നു. "ഇവിടെ നോക്കൂ മൊയിനുദ്ദീൻ, എന്റെ കൈവശം മോർഫിൻ ഒരു അധിക പായ്ക്കറ്റ് ഉണ്ട്; നിനക്കത് വേണോ?"

മൊയിനുദ്ദീൻ പറഞ്ഞു, "ക്ഷമിക്കണം. ഞാൻ അതെടുക്കില്ലെന്ന് ബാബയ്ക്ക് മുമ്പുതന്നെ വാക്കു കൊടുത്തിട്ടുണ്ട്. എനിക്കത് വേണ്ടാ."

അവൻ ആ ദിവസം പിടിച്ചുനിന്നു. തൊട്ടടുത്ത ദിവസം അതിലും ക്ലേശകരമായിരുന്നു. അവൻ ബാബയോട് പ്രാർത്ഥിച്ചു, "ദയവായി ഈ ദുശ്ശീലത്തിൽനിന്ന് എന്നെ സുഖപ്പെടുത്തിയാലും."

"മൂന്നാമത്തെ രാത്രി ഞാൻ വളരെ സുഖമായി ഉറങ്ങി. അതിനുശേഷം എനിക്ക് ഈ ലഹരിമരുന്നുകൾ വീണ്ടും ഉപയോഗിക്കണമെന്ന് തോന്നിയിട്ടേയില്ല." സ്വാമി അവനെ ആ ദുശ്ശീലത്തിൽനിന്ന് മോചിപ്പിക്കുന്നതിനെക്കുറിച്ച് മൊയിനുദ്ദീൻ പറഞ്ഞത് ഇതാണ്.

"ഇത് സായി ഊർജ്ജമാണ്, ദിവ്യത്വമാണ്, ഇത് നമ്മെ നമ്മുടെ ദുശ്ശീലങ്ങളിൽനിന്ന് സ്വതന്ത്രമാക്കും. ഇപ്രകാരമാണ് ഞാൻ സ്വാധീനിക്കപ്പെട്ടത്," ബാബയുടെ ക്ലാസ്മേറ്റായിരുന്ന മൊയിനുദ്ദീൻ പറഞ്ഞു.

## സുവർണയുഗത്തിൽ ഗുരുക്കന്മാർ അത്ഭുതസ്തബ്ധരാവുന്നു

ഇപ്പോൾ, തമ്മിരാജു, മെഹബൂബ് ഖാൻ, മഞ്ചിരാജു തുടങ്ങിയ എല്ലാ ഗുരുക്കന്മാരും അവിടെ ഇരിപ്പുണ്ടായിരുന്ന വിദ്യാർത്ഥികളെ നോക്കി.

അധ്യാപകരിലൊരാൾ ഒരു വിദ്യാർത്ഥിയോട് തിരക്കി, "നീ എവിടെനിന്നാണ് വരുന്നത്?"

ആ വിദ്യാർത്ഥി എണീറ്റിട്ട് പറഞ്ഞു, "സാർ, ഞാൻ ഫിലിപ്പൈൻസിൽനിന്നാണ്."

അപ്പോൾ തമ്മിരാജു മറ്റൊരു വിദ്യാർത്ഥിയോട് ചോദിച്ചു, "നീ എവിടെനിന്ന് വരുന്നു?"

“ഞാൻ സിംഗപ്പൂരിൽനിന്നാണ്.”

സുബ്ബണ്ണാചാരി മറ്റൊരു കുട്ടിയോട് തിരക്കി, “നീ എവിടെനിന്നാണ് വരുന്നത്?”

“ഞാൻ ദുബായിൽനിന്നാണ്.”

മെഹബൂബ് ഖാൻ മറ്റേതോ കുട്ടിയോട് ചോദിച്ചു, “നീ എവിടെനിന്നാണ്?”

“ഞാൻ ഡാർജിലിംഗിൽനിന്നാണ്.”

മഞ്ചിരാജു മറ്റൊരു വിദ്യാർത്ഥിയോട് ചോദിച്ചു, “നീ എവിടെനിന്ന് വരുന്നു?”

“ഞാൻ അമേരിക്കൻ ഐക്യനാടുകളിൽനിന്നാണ്.”

എല്ലാ അധ്യാപകരും അതിശയിക്കാൻ തുടങ്ങി.




“അവസാനം, നമ്മുടെ പയ്യൻ സത്യൻ ഇന്ന് ലോകമെമ്പാടുംനിന്ന് വിദ്യാർത്ഥികളെ ആകർഷിക്കുകയാണ്! ഇത് അതിശയമായിരിക്കുന്നു! ഇത് കൗതുകകരമല്ലേ!”

ലോകത്തെ സകല കോണിൽനിന്നും സകല കുട്ടികളെയും വിളിച്ചുവരുത്തിയിട്ട്, അവൻ എവിടെയോ പോയി ഇരിപ്പുണ്ടാവും. അവനെവിടെയാണെന്ന് നമുക്ക് കണ്ടുപിടിക്കണം. നമ്മൾ സ്വർഗത്തുനിന്ന് ഈ വഴിയത്രയും അവനെ കാണാനായി വന്ന സ്ഥിതിക്ക്, അവനെവിടെയാണെന്ന് നമുക്ക് കണ്ടെത്തണം.

അപ്പോൾ തമ്മിരാജു അമേരിക്കയിൽനിന്നുള്ള ഒരു വിദ്യാർത്ഥിയോട് ചോദിച്ചു, ‘‘ഹേ കുട്ടീ, നീ അമേരിക്കയിൽനിന്നും ഇവിടെ വന്നത് എന്തുകൊണ്ടാണ്? ഇവിടെ നിനക്ക് എന്തു കിട്ടും?’’



ആ പയ്യൻ, ജെഫ്രി, എണീറ്റിട്ട് പറഞ്ഞു, ‘‘സർ, ഞാൻ അമേരിക്കയിൽനിന്ന് വന്നത് എന്തുകൊണ്ടാണെന്നു വച്ചാൽ, എനിക്കിവിടെ വേദജപം പഠിക്കാം. മറ്റൊരിടത്തും അത് പഠിക്കാനാവില്ല. ഈ സ്ഥലത്തുനിന്ന് എനിക്ക് ഭാരതസംസ്കാരത്തെക്കുറിച്ച് എന്തെങ്കിലും കുറച്ച് പഠിക്കാനും പരിശീലിക്കാനുമാവും. ഇത് മാനവമൂല്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന സ്ഥലമാണ്. അതുകൊണ്ട്, ഞാൻ തീരുമാനിച്ചിട്ട് ഇപ്പോൾ പ്രഖ്യാപിക്കുകയാണ്-**ഭാരതത്തിൽ കാണാത്തതൊന്നും ലോകത്തെവിടെയും കാണാനാവില്ല**.’’

അപ്പോൾ മെഹബൂബ് ഖാനിൽനിന്ന് അടുത്ത ചോദ്യം വന്നു. അദ്ദേഹം അമേരിക്കയിൽനിന്നുള്ള ഈ പയ്യനോട് തിരക്കി, “നിനക്ക് ഏതാനും വേദമന്ത്രങ്ങൾ, വരികൾ ജപിക്കാമോ? ഞങ്ങൾ കേൾക്കട്ടെ.”

അനായാസം, ആ കുട്ടി മന്ത്രങ്ങൾ ജപിക്കാൻ തുടങ്ങി.

എല്ലാ അധ്യാപകരും അത്ഭുതസ്തബ്ധരായി. അക്കാലത്തെ സത്യൻ ഇന്ന് ഒരു മുതിർന്ന മനുഷ്യനാണ്, ലോകമെമ്പാടുമുള്ള കുട്ടികളെ ആകർഷിച്ചുകൊണ്ട്, അവരെക്കൊണ്ട് വേദം ചൊല്ലിച്ച്, ഇത് സ്വപ്നം കാണാൻ പോലുമാവാത്തതാണ്.

അപ്പോൾ മെഹബൂബ് ഖാൻ പറഞ്ഞു, “ഇത് ബാബ വളരെക്കാലം മുമ്പ് പറഞ്ഞുകൊണ്ടിരുന്ന ആ സുവർണയുഗം തന്നെയല്ലേ?”

മറ്റെല്ലാ അധ്യാപകരും പറഞ്ഞു, “അതെ, ഇത് സുവർണയുഗമാകുന്നു.”

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)